(ഡി) എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്കിൽ കുറവുവരുത്തുകയോ ചെയ്താൽ താഴെ സൂചിപ്പിക്കുന്ന പ്രതിസന്ധികൾ ഉണ്ടാകുന്നതാണ്.

1. കയറ്റുമതിക്കാർക്കിടയിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുന്നതിനും കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം ഇടിയുന്നതിനും നിലവിലുള്ള വിദേശ വിപണിയിൽ കാര്യമായ കുറവു സംഭവിക്കുന്നതിനും വഴി തെളിക്കും.

2. എം.ഇ.പി. പർച്ചേസ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീം എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇതുമൂലം തൊഴിലാളികൾക്ക് ന്യായമായ കൂലിയും ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്ക് മിതമായ വിലയും ലഭിക്കുന്നതിനു സഹായിക്കുന്നു. എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്ക് കുറയ്ക്കുകയോ ചെയ്താൽ പർച്ചേസ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീമിനെ പ്രതികൂലമായി ബാധിക്കും. അത് ചെറുകിട ഉല്പാദകരേയും തൊഴിലാളികളേയും ചൂഷണം ചെയ്യുന്നതിന് ഇടയാക്കും.

3. രാജ്യത്ത് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിദേശനാണ്യത്തിന് കുറവ് സംഭവിക്കും.

4. കേരളത്തിലെ കയർ വ്യവസായ മേഖലയിൽ കയർ തൊഴിലാളികളും, ചെറുകിട ഉല്പാദകരും, വൻകിട ഉല്പാദകരും കയറ്റുമതിക്കാരും പരസ്പരം നിലനിർത്തിപ്പോകുന്ന സൗഹാർദ്ദപരമായ അന്തരീക്ഷം ശിഥിലമാക്കുന്നതിന് വഴി തെളിക്കും.

(ഇ) നിലവിലുള്ള എക്സ്പോർട്ട് നയത്തിൽ മാറ്റം വരുത്തുകയോ എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്ക് കുറയ്ക്കുകയോ ചെയ്യുന്ന ഒരു നിർദ്ദേശവും പരിഗണിക്കരുതെന്ന് ബഹു. മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു. വ്യവസായ വകുപ്പുമന്ത്രിയും ഇക്കാര്യം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തീരുമാനമെടുക്കുന്നതിൽനിന്നും പിൻതിരിയാൻ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ പാർലമെന്റംഗങ്ങളും, ഈ മേഖലയിലെ തൊഴിലാളി സംഘടനകളും അവരുടെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

18 (*134) മാലിന്യ നിർമ്മാർജ്ജനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ ഉദാസീനത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിൽ വീഴ്ച വരുത്തുന്നതുമൂലം എലിപ്പനിപോലെയുള്ള പകർച്ച വ്യാധികൾ പടരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) നഗരസഭാ പ്രദേശങ്ങളിലെ മറ്റു മാലിന്യങ്ങൾ സത്വരമായി നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും കാരണം ഈ പ്രവർത്തനം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

(സി) എലിപ്പനിപോലെയുള്ള പകർച്ചവ്യാധികൾ ചില പ്രദേശങ്ങളിൽ പടരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19 (*135) പരമ്പരാഗത വ്യവസായങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ മേഖലകളിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കടന്നുകയറിയിട്ടുണ്ടോ;

(സി) എങ്കിൽ അത് എന്തെങ്കിലും പ്രശ്നം സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗത വ്യവസായ മേഖല പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർ, കൈത്തറി, ഈറ്റ, ഓട്, പരമ്പ്, കരകൗശലം, സെറികൾച്ചർ, കശുവണ്ടി എന്നീ വ്യവസായങ്ങളെയാണ് പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ശാസ്ത്ര സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.†

(ഡി) പരമ്പരാഗത വ്യവസായ പരിപോഷണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ കാണാവുന്നതാണ്.†

20 (*136) പുറമ്പോക്ക് ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം.വി. ജയരാജൻ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly